

جامعة الهند الإسلامية

JAMIATHUL HIND AL ISLAMIYYA

• Admission Guide 2025 •

ജാമിഅത്തുൽ ഹിന്ദ് അൽ ഇസ്ലാമിയ്യ

# പഠനസ്വപ്നങ്ങളുടെ പാഥേയം




# MESSAGE

പ്രിയ വിദ്യാർത്ഥികളേ...

അറിവാണ് മൂല്യമുള്ള ധനം. വിദ്യയോട് ചേർന്ന് സഞ്ചരിക്കുന്നവർക്കാണ് സമൂഹത്തിന് തിരിച്ചറിവുകൾ പകരാനാകുക. വരുന്ന കാലങ്ങൾക്ക് നേതൃത്വം നൽകേണ്ടവരും, വലിയ ഭാവി സ്വപ്നം കാണേണ്ടവരും, അത് സാധിച്ചെടുക്കേണ്ടവരുമാണ് നിങ്ങൾ. ലോകം എന്നും പണ്ഡിതരിൽ നിന്ന് തെളിച്ചമുള്ള മാർഗനിർദ്ദേശങ്ങൾ പ്രതീക്ഷിക്കും. കഠിനമായി പരിശ്രമിക്കുകയും ദൗത്യം തിരിച്ചറിഞ്ഞ് കഴിവുകൾ ആർജിക്കുകയും വേണം. സമയങ്ങൾ കൃത്യമായി ഉപയോഗിച്ച് കുടുംബത്തിനും രാഷ്ട്രത്തിനും സമൂഹത്തിനും അഭിമാനമായി മാറുക. അറിവിന് അവസരമില്ലാതെ പോകുന്നവർ ചുറ്റുപാടുകളിലുണ്ട്.അവരിലേക്കും നമുക്ക് നടക്കാനുണ്ട്. അതിനു വേണ്ടി നാം പഠിച്ചുയരണം.

സമസ്ത കേരള ജംഇയ്യത്തുൽ ഉലമ, ജാമിഅതുൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യയിലൂടെ സമന്വയ വിദ്യാഭ്യാസ രംഗത്ത് വലിയ ഭാവി ലക്ഷ്യം വെക്കുന്നു. കേരളത്തിലും ഇതര ദേശങ്ങളിലുമായുള്ള മുന്നൂറിലധികം സ്ഥാപനങ്ങളിൽ നിങ്ങളുടെ അഭിരുചിക്ക് ഇണങ്ങുന്ന കലാലയത്തിലേക്ക് ഏകജാലക സംവിധാനം വഴി പ്രവേശനം നേടാം. പ്രസ്തുത ക്യാംപസുകളിൽ ആഴത്തിലുള്ള മതപഠനവും ഭൗതിക പഠനവും ജാമിഅതുൽ ഹിന്ദ് വിഭാവനം ചെയ്യുന്നു. ആഗോള തലത്തിൽ സമൂഹത്തിനും സമുദായത്തിനും ദിശയാകുന്ന പണ്ഡിതരെ രൂപപ്പെടുത്തുന്ന സിലബസും കരിക്കുലവും ഈ



സംവിധാനത്തിലുണ്ട്. പ്രഭാഷണം, എഴുത്ത്, ഗവേഷണം,ഭാഷാപഠനങ്ങൾ തുടങ്ങി ഒരു നല്ല പഠിതാവിന് ആവശ്യമാകുന്ന എല്ലാം ഇവിടെ ഒരുങ്ങുന്നു.

സമന്വയ വിദ്യാഭ്യാസ മുന്നേറ്റത്തിന് പതാകവാഹകരായി, നമ്മുടെ ദഅ്‌വാ ക്യാംപസുകൾ നിർവഹിച്ച ചരിത്ര ദൗത്യങ്ങൾ നമ്മുടെ മുന്നിലുണ്ട്. നിങ്ങളുടെ സ്വപ്നവും ഭാവിയും പ്രതീക്ഷകളും അഭിരുചികളും സംഗമിക്കുന്ന സമന്വയ വിദ്യാലയങ്ങളിലൊന്നിലേക്ക് ഏകജാലക സംവിധാനത്തിലൂടെ പ്രവേശനം നേടാം. ഓരോ വിദ്യാർത്ഥിക്കും തന്റെ സമൂഹത്തെച്ചൊല്ലി വലിയ ഉത്തരവാദിത്വങ്ങളുണ്ട്. പരിശ്രമിക്കുന്നവർ വിജയങ്ങളിലെത്തും ഇൻഷാ അല്ലാഹ്..

റബ്ബ് തൗഫീഖ് നൽകട്ടെ. ആമീൻ



**ഇ. സുലൈമാൻ മുസ്‌ലിയാർ**
(ചാൻസ്‌ലർ)
**കാന്തപുരം എ.പി. അബൂബക്കർ മുസ്‌ലിയാർ**
(വൈസ് ചാൻസ്‌ലർ)
**സയ്യിദ് ഇബ്‌റാഹീം ഖലീൽ അൽ ബുഖാരി**
(രജിസ്ട്രാർ)

جامعة الهند الإسلامية

JAMIATHUL HIND AL ISLAMIYYA

**സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ കാർമികത്വത്തിലുള്ള ഇന്ത്യയിലെ ഏറ്റവും വലിയ അഫിലിയേറ്റിങ് ഇസ്ലാമിക് യൂണിവേഴ്സിറ്റിയാണ് ജാമിഅതുൽ ഹിന്ദ് അൽ ഇസ്ലാമിയ്യ. കേരളത്തിലും ഇതര ദേശങ്ങളിലുമായി മുന്നൂറിലധികം അഫിലിയേറ്റഡ് കോളേജുകൾ, പതിനായിരത്തിലധികം വിദ്യാർത്ഥികൾ, 4000 അലുംനി, 2000+ മുദരിസുമാരും അധ്യാപകരും, 40+ പബ്ലിക്കേഷൻസ്, 3000 ഹാദി, മുഹ്തദി ബിരുദധാരികൾ. നവ വിദ്യാർത്ഥി മുന്നേറ്റങ്ങൾക്കായ് സജ്ജമായ നവീന പഠനശൃംഖലയാണ് ജാമിഅതുൽ ഹിന്ദ്.**


## എന്തുകൊണ്ട് ജാമിഅതുൽ ഹിന്ദ്?

1. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയുടെ ആശയങ്ങളും നിർദേശങ്ങളുമനുസരിച്ച് പ്രവർത്തിക്കുന്ന കേരളത്തിനകത്തും പുറത്തുമുള്ള ക്യാംപസുകൾ ജാമിഅതുൽ ഹിന്ദിനു കീഴിൽ അഫിലിയേറ്റ് ചെയ്താണ് പ്രവർത്തിക്കുന്നത്.
2. പ്രവേശനം, കരിക്കുലം, പരീക്ഷ തുടങ്ങിയ എല്ലാ അക്കാദമിക കാര്യങ്ങൾക്കും ജാമിഅതുൽ ഹിന്ദ് നേരിട്ട് നേതൃത്വം നൽകുന്നു.
3. ഇസ്‌ലാമിക വിഷയങ്ങളിൽ ആധികാരികവും ആഴത്തിലുമുള്ള സിലബസും പാഠ്യ സംവിധാനങ്ങളും ഓരോ കോളേജുകളിലും വിഭാവനം ചെയ്യുന്നു.
4. ഇസ്‌ലാമിക് ഫൗണ്ടേഷൻ കോഴ്സുകൾ മുതൽ ഗവേഷണ പഠനങ്ങൾ വരെ വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. ഗവേഷണ



കോഴ്സുകൾക്ക് ഉയർന്ന ഫെല്ലോഷിപ്പും നൽകുന്നു.

5. മത ഭൗതിക സമന്വയ വിദ്യഭ്യാസത്തിന്റെ ഏറ്റവും മികച്ച മാതൃക ജാമിഅതുൽ ഹിന്ദ് സംഘടിപ്പിക്കുന്നു.
6. ഏഴാം ക്ലാസ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് ഭൗതിക രംഗത്ത് എട്ട് മുതൽ പിഎച്ച് ഡി വരെയും മത പഠനം ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ, തഖസ്സുസ് ദക്തൂറ വരെയും പഠന അവസരം.
7. പത്താം തരം കഴിഞ്ഞവർക്ക് ഭൗതിക രംഗത്ത് പ്ലസ് വൺ മുതൽ പിഎച്ച്ഡി വരെയും മതപഠനത്തിൽ ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ, തഖസ്സുസ് ദക്തൂറ വരെയും അവസരം.
8. ഫൗണ്ടേഷൻ (സ്കൂൾ എട്ടാം ക്ലാസ് മുതൽ), ഇന്റർമീഡിയേറ്റ് (പ്ലസ് വൺ മുതൽ) ക്ലാസുകളിലേക്ക് ഏകജാലകം വഴിയാണ് പ്രവേശനം. പിജി, ഗവേഷണ കോഴ്സുകൾക്കും നേരിട്ട് പ്രവേശനം ലഭിക്കും.
9. മലയാളം, അറബി, ഉറുദു, ഇംഗ്ലീഷ്, ഹിന്ദി, കന്നഡ, തമിഴ് ഭാഷകളിൽ അധ്യാപനവും അധ്യയനവും ലഭിക്കുന്നതോടൊപ്പം ഒട്ടനേകം വിദേശ ഭാഷകൾ പഠിക്കാനുള്ള സൗകര്യങ്ങളും വിവിധ ക്യാമ്പസുകളിൽസംഘടിപ്പിക്കുന്നു.
10. എല്ലാ തലങ്ങളിലുമുള്ള വിദ്യാർത്ഥികളെയും ഉൾക്കൊള്ളും വിധം വ്യത്യസ്ത സിലബസുകൾ, ശാസ്ത്രീയ പഠന പദ്ധതികൾ ഒരുക്കുന്നു
11. ആഗോള പണ്ഡിതരെ രൂപീകരിക്കുക എന്ന മഹത്തായ ലക്ഷ്യത്തിനായ് നവീന പദ്ധതികൾ ആവിഷ്കരിക്കുന്നു.
12. പാഠ്യേതര സംവിധാനങ്ങൾക്ക് പ്രത്യേക പ്രോഗ്രാമുകളും പരിശീലനങ്ങളും സാഹിത്യ മത്സരങ്ങളും ജാമിഅതുൽ ഹിന്ദ് സംഘടിപ്പിക്കുന്നു. ക്യാമ്പസുകൾ നൂതനമായ സർഗശേഷി വികസനപരിപാടികൾ തയ്യാറാക്കുന്നു.
13. മുഴുവൻ വിദ്യാർത്ഥികൾക്കും സൗജന്യ പഠനം ഒരുക്കുന്നതോടൊപ്പം മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുകൾ, റിസർച്ച് ഫെല്ലോഷിപ്പുകൾ, റിസർച്ച് പ്രോജക്ടുകൾക്കുള്ള അവസരങ്ങൾ ലഭിക്കും
14. ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, സ്റ്റുഡന്റ്സ് എൻറിച്ച്മെന്റ് പ്രോഗ്രാംസ്, അഡ്വാൻസ്ഡ് ലീഡർഷിപ് ട്രെയിനിങ്, ഗ്ലോബൽ ലാംഗ്വേജ് മാസ്റ്ററി കോഴ്സുകൾ, സ്റ്റുഡന്റ്സ് ആൻഡ് ഫാക്കൽറ്റി എക്സ്ചേഞ്ച് പ്രോഗ്രാമുകൾ എന്നിവക്ക് പുറമെ ദേശീയ, അന്തർദേശീയ മത്സരങ്ങളിലും പ്രോഗ്രാമുകളിലും പങ്കെടുക്കാനുള്ള ട്രെയിനിങ് ലഭിക്കുന്നു.
15. ടാലെന്റ് ടെസ്റ്റുകൾ, എക്സലൻസ് അവാർഡുകൾ, വർഷാവർഷം ജാമിഅ മഹർജാൻ, ദേശീയ-അന്തർദേശീയ സർവ്വകലാശാലകളുമായി അക്കാദമിക് സഹകരണങ്ങൾ
16. സിവിൽ സർവീസ് പരീക്ഷകൾക്കുള്ള ഫൗണ്ടേഷൻ കോഴ്സുകൾ, ഇന്റെൻസീവ് കോഴ്സുകൾ, NET/JRF പരീക്ഷകൾക്ക് പ്രത്യേകം കോച്ചിങ്, അന്തർദേശീയ വിദേശ യൂണിവേഴ്സിറ്റികളിൽ ഉപരിപഠനത്തിന് പ്രത്യേകം പരിശീലനം. വിദ്യാർത്ഥികളെ ഉന്നതരംഗങ്ങളിലെത്തിക്കാൻ ഉതകുന്ന അനേകം കോച്ചിങുകൾ വിവിധ സ്ഥാപനങ്ങളിൽ വ്യത്യസ്ത രീതിയിൽ സജ്ജീകരിച്ചിരിക്കുന്നു.




## ഏകജാലക പ്രവേശനം

എട്ട്, പതിനൊന്ന് ക്ലാസുകളിലേക്ക് ഏകജാലകം വഴിയാണ് പ്രവേശനം. ഒറ്റ അപേക്ഷയും പരീക്ഷയും വഴി ജാമിഅതുൽ ഹിന്ദിന് കീഴിൽ പ്രവർത്തിക്കുന്ന മുന്നൂറിലധികം സ്ഥാപനങ്ങളിൽ പ്രവേശനം നേടാനാകും. അപേക്ഷകൾ ഓൺലൈൻ വഴിയാണ് സ്വീകരിക്കുക. ശേഷം എഴുത്ത് പരീക്ഷയും ഇന്റർവ്യൂവും നടക്കും. ഒന്ന്, രണ്ട്, സ്പോട്ട് അല്ലോട്മെന്റുകൾ വഴി വിദ്യാർത്ഥികൾക്ക് ഇഷ്ടപ്പെട്ട സ്ഥാപനങ്ങൾ തിരഞ്ഞെടുക്കാം. എഴുത്ത് പരീക്ഷ, ഇന്റർവ്യൂ, മറ്റു ഗ്രേസ് മാർക്കുകൾ എന്നിവ പരിഗണിച്ചായിരിക്കും റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതും ഇഷ്ടപ്പെട്ട സ്ഥാപനങ്ങളിൽ അഡ്മിഷൻ ലഭിക്കുന്നതും.



## കോഴ്സുകൾ

ആഴത്തിലുള്ള ഇസ്‌ലാമിക പഠനവും ഭൗതിക പഠനങ്ങളും സമ്മിശ്രമായി നൽകുന്ന നൂതനവും വ്യതിരക്തവുമായ കോഴ്സുകളാണ് ജാമിഅതുൽ ഹിന്ദിനുള്ളത്

1. Foundational & Intermediate Programs
2. Bachelor's Programs
3. Master's Programs
4. Research Programs and Projects
5. Advanced Post Graduate Diploma Courses
6. Short-run Courses and Certificate Programs

സിലബസ് ജാമിഅതുൽ ഹിന്ദ് വെബ്സൈറ്റിൽ ലഭ്യമാണ്

jamiathulhind.com/syllabus

## ഏഴാം ക്ലാസ് കഴിഞ്ഞവർക്ക്

**തുടർന്നുള്ള സ്കൂൾ പഠനത്തോടൊപ്പം പ്ലസ് ടു, ഡിഗ്രി, പിജി, പി.എച്ച്.ഡി വരെ പഠിക്കാനും പാരമ്പര്യ രീതിയിലുള്ള മതപഠനം, ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ (പി.ജി) വരെ പൂർത്തിയാക്കാനും തുടർപഠനത്തിനും അവസരം.**

## പത്താം ക്ലാസ് കഴിഞ്ഞവർക്ക്

**പ്ലസ് ടു, ഡിഗ്രി, പിജി, പി.എച്ച്.ഡി വരെയും പാരമ്പര്യ രീതിയിലുള്ള മത പഠനം ഫൗണ്ടേഷൻ മുതൽ മുത്വവ്വൽ (പിജി) വരെയും പഠിക്കാം. തുടർപഠനത്തിനും അവസരമുണ്ട്.**

മത പഠനത്തിന് എല്ലാ സ്ഥാപനവും ജാമിഅതുൽ ഹിന്ദ് സിലബസാണ് സ്വീകരിച്ചു പോരുന്നത്. അതേ സമയം, ഭൗതിക പഠനങ്ങൾക്ക് ഓരോ സ്ഥാപനവും വ്യത്യസ്ത രീതികളാണ് പാലിക്കുന്നത്. റഗുലർ, ഡിസ്റ്റൻസ്, ഓപ്പൺ, പ്രൈവറ്റ്, ഇംഗ്ലീഷ് മീഡിയം, മറ്റു ഭാഷ മീഡിയം, കേരള, CBSE, മറ്റു സിലബസുകൾ, വ്യത്യസ്ത യൂണിവേഴ്സിറ്റികൾ തുടങ്ങിയ ഒട്ടനേകം വൈവിധ്യങ്ങൾ വിവിധ ക്യാമ്പസുകളിൽ ലഭ്യമാണ്.

സയൻസ്, കൊമേഴ്സ്, ഹ്യൂമാനിറ്റീസ് അടക്കം അതാതു സംസ്ഥാനങ്ങൾ നൽകുന്ന ഹയർ സെക്കന്ററി/ പ്രീ യൂണിവേഴ്സിറ്റി കോഴ്സുകളും അവയുടെ വ്യത്യസ്ത കോമ്പിനേഷനുകളും ഓരോ സ്ഥാപനത്തിലും വൈവിധ്യമാർന്നനതാണ്. ഡിഗ്രി, പിജി തലത്തിലുമുള്ള ഓപ്ഷനുകളിലും മാറ്റങ്ങളുണ്ട് .

ഓരോ സ്ഥാപനവും നൽകുന്ന പഠനരീതി വിദ്യാർത്ഥിയും രക്ഷിതാവും പ്രത്യേകം മനസ്സിലാക്കേണ്ടതും അതാതു സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉറപ്പുവരുത്തേണ്ടതുമാണ്. അപേക്ഷ സമയത്ത് സ്ഥാപനം സെലക്ട് ചെയ്യുമ്പോൾ ഇത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

## ക്യാമ്പസുകൾ

**ഏകജാലക സംവിധാനം വഴി അപേക്ഷിക്കുമ്പോൾ വിദ്യാർത്ഥി, മുൻഗണനാക്രമം അനുസരിച്ച് താൽപ്പര്യമുള്ള പത്തു സ്ഥാപനങ്ങൾ/ കോളേജുകൾ ഓപ്ഷൻ നൽകണം.**

ഏത് സ്ഥാപനത്തിൽ പഠിക്കാനാണ് താൽപര്യം അത് ഒന്നാം ഓപ്ഷൻ ആയും അത് ലഭിച്ചില്ലെങ്കിൽ പിന്നെ ഏത് സ്ഥാപനം അത് രണ്ടാം ഓപ്ഷനായും അതും ലഭിക്കുന്നില്ലെങ്കിൽ പിന്നെ നൽകുന്ന സ്ഥാപനം മൂന്നാം ഓപ്ഷനായും, ഇങ്ങനെ ശ്രദ്ധിച്ച് ഓപ്ഷൻ നൽകുക.

എട്ടാം തരം മുതൽ പി ജി വരെയും പ്ലസ് വൺ മുതൽ പിജി വരെയും പഠന അവസര മുള്ള ക്യാമ്പസുകളും ഒരു കോഴ്സ് മാത്രമുള്ള ക്യാമ്പസുകളും ജാമിഅതുൽ ഹിന്ദിന് കീഴിൽ പ്രവർത്തിക്കുന്നു. എല്ലാ സ്ഥാപനങ്ങളും വി ദ്യാർത്ഥികൾക്ക് സൗജന്യ പഠനമാണ് നൽകു ന്നത്. ചില സ്ഥാപനങ്ങൾ അഡ്മിഷൻ ഫീ, എക്സാം ഫീ തുടങ്ങിയ ഫീസുകൾ ഈടാ ക്കിയേക്കാം. റെഗുലർ സ്ട്രീമിലും മറ്റ് സ്ട്രീ മുകളിലും ഭൗതിക പഠനങ്ങൾ ഒരുക്കുന്നുണ്ട്. ഭക്ഷണം ക്യാന്റീൻ വഴിയും മറ്റു സൗകര്യങ്ങൾ മുഖേനെയും നൽകുന്ന സ്ഥാപനങ്ങളുണ്ട്. വ്യത്യസ്ത സൗകര്യങ്ങളാണ് ഓരോ സ്ഥാപ നവും വിദ്യാർത്ഥികൾക്കായ് സംവിധാനിച്ചിരി ക്കുന്നത് എന്ന് ചുരുക്കം. വിവിധ ആഡ്ഓൺ കോച്ചിങ്ങുകളും പരിശീലനങ്ങളും ഓരോ സ്ഥാപനത്തിലും വിവിധ തരത്തിലായിരിക്കും. സ്ഥാപനത്തെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും വിദ്യാർത്ഥിയും രക്ഷിതാവും അറിയേണ്ടതുണ്ട്. ഓരോ സ്ഥാപനവുമായി നേരിട്ട് ബന്ധപ്പെട്ടാ ണ് അതു മനസ്സിലാക്കേണ്ടത്. ഓപ്ഷൻ സെല ക്ട് ചെയ്ത ഒരു സ്ഥാപനത്തെക്കുറിച്ച് തുടർ ന്നുള്ള പരാതികൾ ജാമിഅതുൽ ഹിന്ദ് സ്വീക രിക്കുന്നതായിരിക്കില്ല.

**സ്ഥാപനങ്ങളെ ജില്ലകൾ, കോഴ്സുകൾ തിരിച്ച് ഏകജാലക പോർട്ടലിൽ വർഗീക രിച്ചിരിക്കുന്നു. ബന്ധപ്പെടാനുള്ള ഫോൺ നമ്പറുകളും ലഭ്യമായിരിക്കും.**

സൗകര്യങ്ങളും മറ്റും മനസ്സിലാക്കാൻ ഓരോ സ്ഥാപനവും നേരിട്ട് സന്ദർശിക്കാവു ന്നതുമാണ്.

## അപേക്ഷിക്കാനുള്ള യോഗ്യത

സ്കൂൾ ഏഴാം തരം കഴിഞ്ഞവർക്ക് എട്ടാം ക്ലാസ്സിലേക്കും സ്കൂൾ പത്താം ക്ലാസ് കഴിഞ്ഞവർ ക്ക് പ്ലസ് വണിലേക്കും അപേക്ഷിക്കാം. ഭൗതിക കോഴ്സുകൾ പൂർത്തീകരിച്ച മതപണ്ഡിത രെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കോഴ്സുകൾ സംവിധാനിച്ചിട്ടുള്ളത് എന്ന തിനാൽ എല്ലാ കോഴ്സുകൾക്കൊപ്പവും ജാമി അതുൽ ഹിന്ദ് സിലബസ് പ്രകാരമുള്ള ആ ഴത്തിലുള്ള മതപഠനം നിർബന്ധമായിരി ക്കും.


- **എട്ടാം ക്ലാസ്സിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥി 2010 ജൂൺ ഒന്നിന് ശേഷം ജനിച്ചതായിരിക്കണം**
- **പ്ലസ് വണിലേക്ക് അപേക്ഷിക്കുന്ന വി ദ്യാർത്ഥി 2007 ജൂൺ ഒന്നിന് ശേഷം ജനിച്ചതായിരിക്കണം.**

(ഇതിനപ്പുറം പ്രായമുള്ള വിദ്യാർത്ഥികൾക്ക് ഏകജാലകം വഴി പ്രവേശനം നൽകില്ലെങ്കിലും ജാമിഅതുൽ ഹിന്ദ് ഓഫീസ് വഴി പഠനം ഒരുക്കുന്നതാണ്. ഇതിന് ഓഫീസിൽ നേരിട്ട് ബന്ധപ്പെടുകയാണ് വേണ്ടത്) മുസലിം ആൺ കുട്ടികൾക്ക് മാത്രമാണ് കോഴ്സ് നിലവിലുള്ള ത്. പൂർണമായും റസിഡൻഷ്യൽ സംവിധാന ത്തിലായിരി ക്കും കോഴ്സുകൾ. ഇവക്ക് പു റമെ ഖുർആൻ ഹിഫ്ള് പൂർത്തീകരിക്കുക, വിദ്യാർത്ഥി ഒരു പ്രത്യേക പ്രദേശത്തുനിന്ന് / സംസ്ഥാനത്തുനിന്ന് മാത്രമായിരിക്കുക തുട ങ്ങിയ നിബന്ധനകൾ ചില സ്ഥാപനങ്ങൾ പാ ലിക്കുന്നുണ്ട്. അത്തരം നിബന്ധനകൾ വിദ്യാ ർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## അപേക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. www.jamiathulhind.com എന്ന വെബ് സൈറ്റ് വഴി മാത്രമാണ് അപേക്ഷകൾ സ്വീകരിക്കുക.
2. അപേക്ഷിക്കുന്നതിനു മുമ്പ് യോഗ്യതകൾ പൂർത്തീകരിച്ചുവെന്ന് ഉറപ്പ് വരുത്തണം. യോഗ്യതകൾ പൂർത്തിയാക്കാനാകാത്ത വിദ്യാർത്ഥികൾക്ക് ജാമിഅതുൽ ഹിന്ദുമായി നേരിട്ട് ബന്ധപ്പെടാവുന്നതാണ്.
1. പേര്, ജനന തീയതി, മൊബൈൽ നമ്പർ എന്നിവ നൽകി ആദ്യം രജിസ്റ്റർ ചെയ്യണം. വാട്സ്ആപ്പ് OTP വെരിഫിക്കേഷൻ ഉണ്ടായിരിക്കും.
2. കൃത്യവും വ്യക്തവുമായ വിവരങ്ങൾ മാത്രമേ വിദ്യാർത്ഥി അപേക്ഷയിൽ നൽകാൻ പാടുള്ളൂ. സ്കോളർഷിപ്പുകൾ, ഫെല്ലോഷിപ്പുകൾ, മറ്റു സർഗാത്മകവും അക്കാദമികവുമായ നേട്ടങ്ങൾ ഇവയുടെയെല്ലാം സെർട്ടിഫിക്കറ്റുകൾ കൈവശമുള്ളവർ മാത്രമേ പ്രസ്തുത കോളങ്ങൾ പൂരിക്കാവൂ. എല്ലാ രേഖകളും ബഹുമതിപത്രങ്ങളും ഇന്റർവ്യൂ സമയത്ത് ഹാജരാക്കുന്നവരെ മാത്രമേ ഗ്രേസ് മാർക്ക് നൽകി പരിഗണിക്കുകയുള്ളൂ.
3. അപേക്ഷ ഫീസ് 300 രൂപയായിരിക്കും. ഓൺലൈൻ വഴിയാണ് ഫീസ് അടക്കേണ്ടത്.
4. പ്രവേശന പരീക്ഷയും ഇന്റർവ്യൂവും ഒരേ ദിവസം ഒരേ സെന്ററിൽ നിന്നാണ് നടക്കുക. അപേക്ഷിക്കുന്ന സമയത്ത് തന്നെ വിദ്യാർത്ഥി പരീക്ഷാസെന്റർ തിരഞ്ഞെടുക്കേണ്ടതാണ്. സെന്റർ പിന്നീട് മാറാൻ സാധിക്കുന്നതല്ല.
5. ഓരോ വിദ്യാർത്ഥിയും ഇഷ്ടപ്പെടുന്ന പത്തു സ്ഥാപനങ്ങൾ മുൻഗണനക്കനുസരിച്ച് ഓപ്ഷൻ നൽകേണ്ടതാണ്. റാങ്ക് അടിസ്ഥാനത്തിൽ ഈ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കും. ആദ്യ അലോട്ട്മെന്റിന് ശേഷം സ്ഥാപനങ്ങൾ മാറി ഓപ്ഷൻ നൽകാൻ സാധിക്കുന്നതാണ്. സ്ഥാപനം തിരഞ്ഞെടുക്കുന്നതിന് മുമ്പ് പ്രസ്തുത ക്യാമ്പസിനെക്കുറിച്ചുള്ള എല്ലാ വിവരവും അറിഞ്ഞിരിക്കണം.
6. ഹാൾ ടിക്കറ്റ്, മറ്റു പ്രധാന വിവരങ്ങൾ എല്ലാം വിദ്യാർത്ഥികൾക്ക് ഏകജാലക പോർട്ടൽ വഴി പ്രത്യേകം ലഭിക്കും. പോർട്ടലിൽ യൂസർ നേമും പാസ്‌വേർഡും നൽകി എപ്പോഴും സൈൻ ഇൻ ചെയ്യേണ്ടതും വിവരങ്ങൾ യഥാസമയത്ത് അറിയേണ്ടതുമാണ്.
7. വൈകി അറിയുന്ന വിവരങ്ങൾ മുഖേനയുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ജാമിഅതുൽ ഹിന്ദ് ഉത്തരവാദിയായിരിക്കില്ല.






# J-SAT
Entrance Examination

## പ്രവേശന പരീക്ഷ, ഇന്റർവ്യൂ (J-SAT)

1. J-SAT പരീക്ഷ വഴിയാണ് ഏകജാലക പ്രവേശനം ലഭിക്കുക.
2. പ്രവേശന പരീക്ഷയും ഇന്റർവ്യൂവും ഒരേ കേന്ദ്രത്തിൽ വെച്ചായിരിക്കും. ഈ കേന്ദ്രം അപേക്ഷ സമയത്ത് വിദ്യാർത്ഥി തിരഞ്ഞെടുക്കേണ്ടതാണ്.
3. 75 ശതമാനം എഴുത്തു പരീക്ഷാ ചോ ദ്യങ്ങൾ സ്കൂൾ സിലബസ് കേന്ദ്രീകരിച്ചും 25 ശതമാനം മതപരമായ ചോ ദ്യങ്ങളുമായിരിക്കും. മോഡൽ ചോദ്യപേപ്പർ ജാമിഅതുൽ ഹിന്ദ് വെബ് സൈറ്റിൽ ലഭ്യമാണ്. (ചോദ്യങ്ങളുടെ രീതി, അനുപാതം, നിലവാരം എന്നിവയെല്ലാം ജാമിഅതുൽ ഹിന്ദ് തീരുമാനിക്കുന്നതിന് അനുസൃതമായിരിക്കും)
4. എഴുത്ത് പരീക്ഷക്കും ഇന്റർവ്യൂവിനും ഹാൾ ടിക്കറ്റിൽ നിർദേശിക്കുന്ന സമയത്തിന് അരമണിക്കൂർ മുമ്പ് തന്നെ ഹാജരായി പരീക്ഷാ സ്ഥലവും മറ്റും കണ്ടെത്തേണ്ടതാണ്.
5. പരീക്ഷ തുടങ്ങി ഒരു മണിക്കൂർ കഴിഞ്ഞു വരുന്ന വിദ്യാർത്ഥിക്ക് അവസരം നഷ്ടപ്പെടും. വൈകി വരുന്നവർക്ക് അധിക സമയം അനുവദിക്കുന്നതുമല്ല.
6. പരീക്ഷ ആരംഭിച്ച് ഒരു മണിക്കൂർ കഴിഞ്ഞു മാത്രമേ ഹാളിൽനിന്നും പുറത്തുപോകാൻ സമ്മതിക്കുകയുള്ളൂ.
7. 100 ചോദ്യങ്ങൾ ഒബ്ജക്റ്റീവ് ടൈപ്പ് ആയിരിക്കും. ഉത്തരങ്ങൾ OMR ഷീറ്റിൽ രേഖപ്പെടുത്തുകയാണ് വേണ്ടത്. OMR ഷീറ്റ് ഉപയേഗിക്കുന്ന വിധം വിദ്യാർത്ഥി പരീക്ഷക്ക് മുമ്പ് തന്നെ പഠിക്കേണ്ടതാണ്.
8. മൂന്നു ചോദ്യങ്ങൾ വാക്യത്തിൽ എഴുതാനുള്ളതായിരിക്കും.
9. ഉത്തരക്കടലാസുകൾ ജാമിഅതുൽ ഹിന്ദ് നൽകും.
10. ബ്ലൂ/ ബ്ലാക്ക് പേന മാത്രമേ ഉപയോഗിക്കാവൂ. പേന വിദ്യാർത്ഥി കരുതേണ്ടതാണ്.
11. പരീക്ഷാഹാളിൽ പ്രവേശിക്കാനും ഇന്റർ

മായും ചോദിക്കുക.

16. പരീക്ഷ, ഇന്റർവ്യൂ ഇവയുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ വിദ്യാർത്ഥികളെ അതാതു സമയം ഓൺലൈൻ പോർട്ടൽ വഴി അറിയിക്കുന്നതാണ്. എല്ലാം യഥാസമയം അറിഞ്ഞിരിക്കുകയും പിന്തുടരുകയും ചെയ്യുക.

വ്യൂവിൽ പങ്കെടുക്കാനും ഹാൾ ടിക്കറ്റ് (പ്രിന്റ് കോപ്പി) നിർബന്ധമാണ്. ഹാൾ ടിക്കറ്റ് ഓൺലൈൻ പോർട്ടലിൽ നിന്ന് ഡൌൺലോഡ് ചെയ്യാം.

12. പേന, സാധാരണ വാച്ച്, ഹാൾ ടിക്കറ്റ് എന്നിവക്ക് പുറമേ വിദ്യാർത്ഥി ഒന്നും കൈവശം വെക്കാൻ പാടില്ല.
13. കാൽക്കുലേറ്റർ, മൊബൈൽ ഫോൺ തുടങ്ങിയ എല്ലാ ഉപകരണങ്ങളും പരീക്ഷാ ഹാളിൽ നിരോധിച്ചിരിക്കുന്നു.
14. ഇന്റർവ്യൂ സമയത്ത് മാർക്ക്‌ലിസ്റ്റുകൾ, ഹിഫ്‌ള് സർട്ടിഫിക്കറ്റ്, ജാമിഅ മഹ്‌റജാൻ, **SSF** സാഹിത്യോത്സവ്, IAME ഫെസ്റ്റുകൾ, സ്കൂൾ കലോത്സവങ്ങൾ, സ്കോളർഷിപ്പുകൾ, തുടങ്ങിയ എല്ലാ രേഖകളുടെയും ഒറിജിനൽ സെർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതും ഇന്റർവ്യൂ ചെയ്യുന്ന വ്യക്തിയെ ബോധ്യപ്പെടുത്തേണ്ടതുമാണ്.
15. വായന ക്ഷമത, മറ്റു കഴിവുകൾ തുടങ്ങിയവയായിരിക്കും ഇന്റർവ്യൂവിൽ പ്രധാന

## ഗ്രേസ് മാർക്ക്

ജാമിഅ തലത്തിലുള്ള മഹ്‌റജാൻ, സംസ്ഥാന/ ദേശീയ സാഹിത്യോത്സവ്, IAME സ്റ്റേറ്റ് തല മത്സരങ്ങൾ, സംസ്ഥാന തലത്തിലുള്ള സ്കൂൾ കലോത്സവ്, SMART സ്കോളർഷിപ്പുകൾ, LSS, USS തുടങ്ങിയ പരീക്ഷകൾ, സർക്കാർ അംഗീകൃത സ്കോളർഷിപ്പുകൾ, മറ്റു ദേശീയ, അന്തർദേശീയ മത്സരങ്ങൾ തുടങ്ങിയവയാണ് ഗ്രേസ് മാർക്കിന് പരിഗണിക്കുക. മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ മാത്രമേ പരിഗണിക്കൂ. അപേക്ഷയിൽ പ്രത്യേകം പൂരിപ്പിക്കുകയും ഇന്റർവ്യൂ സമയത്ത് ഇന്റർവ്യൂ ചെയ്യുന്ന വ്യക്തികളെ പ്രത്യേകം ബോധിപ്പിക്കുകയും ചെയ്തവർക്ക് മാത്രമായിരിക്കും ഗ്രേസ് മാർക്ക് നല്കപ്പെടുക. ജാമിഅതുൽ ഹിന്ദ് അംഗീകരിച്ച മേഖലകളിലുള്ള നേട്ടങ്ങൾക്ക് മാത്രമേ ഗ്രേസ് മാർക്ക് ലഭിക്കുകയുള്ളൂ.



## അലോട്മെന്റുകൾ

നിശ്ചിത തീയതികളിൽ ഒന്ന്, രണ്ട്, സ്പോട്ട് അലോട്മെന്റുകൾ നടക്കും. അലോട്മെന്റുകളെക്കുറിച്ചുള്ള വിവരങ്ങൾ അതാതുസമയത്ത് വിദ്യാർത്ഥികൾക്ക് ഓൺലൈൻ പോർട്ടൽ വഴി ലഭ്യമാകും. സ്പോട്ട് അലോട്മെന്റിലും പങ്കെടുക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് സീറ്റുകളുടെ ലഭ്യതയനുസരിച്ച് ജാമിഅതുൽ ഹിന്ദ് ഓഫീസ് വഴി പ്രവേശനം അനുവദിക്കും. ഒന്നാം അലോട്മെന്റിൽ ലഭിച്ച സ്ഥാപനം മാറ്റി രണ്ടാം അലോട്മെന്റിന് അപേക്ഷിക്കാൻ അവസരം ഉണ്ടായിരിക്കും. രണ്ടാം അലോട്മെന്റ് നിരസിക്കാൻ അവസരം ഉണ്ടായിരിക്കുന്നതല്ല.

## പ്രവേശനം

അലോട്മെന്റിൽ സീറ്റ് ലഭിച്ച വിദ്യാർത്ഥി രക്ഷിതാവിനോടൊപ്പം പ്രസ്തുത സ്ഥാപനത്തിൽ നേരിട്ടെത്തി അഡ്മിഷൻ എടുക്കേണ്ടതാണ്. ഇതിനു നിർദ്ദേശിക്കുന്ന ടൈം ഷെഡ്യൂൾ പ്രത്യേകം പാലിക്കേണ്ടതുമാണ്. അഡ്മിഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകളെക്കുറിച്ചുള്ള വിവരങ്ങൾ വിദ്യാർത്ഥിയെ ഓൺലൈൻ പോർട്ടൽ വഴി അറിയിക്കുന്നതായിരിക്കും.

## മാനേജ്മെന്റ് ക്വാട്ട

ഓരോ സ്ഥാപനത്തിലും നിശ്ചിത ശതമാനം മാനേജ്മെന്റ് ക്വാട്ടയിൽ പ്രവേശനം അനുവദിക്കും.പ്രസ്തുത വിദ്യാർത്ഥികൾ അതാതു സ്ഥാപനവുമായി എഴുത്ത് പരീക്ഷയുടെ മുമ്പ് തന്നെ ബന്ധപ്പെടുകയാണ് വേണ്ടത്. മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ നേടാനും ഏകജാലക സംവിധാനം വഴി അപേക്ഷിക്കലും J-SAT പരീക്ഷ എഴുതലും നിർബന്ധമാണ്. മാനേജ്മെന്റ് ക്വാട്ടയിൽ അഡ്മിഷൻ ലഭിക്കാൻ ഓരോ സ്ഥാപനവും വ്യത്യസ്ത നിബന്ധനകൾ സ്വീകരിച്ചേക്കാം. മാനേജ്മെൻറ് കോട്ട പ്രകാരം ഒരു സ്ഥാപനം മുഖേന നേരിട്ട് അപേക്ഷിച്ച വിദ്യാർത്ഥിയെ ആദ്യ അലോട്ട്മെൻറിൽ തന്നെ പ്രസ്തുത സ്ഥാപനത്തിലായിരിക്കും പരിഗണിക്കുക.

## മറ്റു പ്രധാന നിർദേശങ്ങൾ

1. സമൂഹത്തെ നയിക്കാൻ പര്യാപ്തരായ മതപണ്ഡിതരെ സൃഷ്ടിക്കുക എന്നതാണ് ജാമിഅതുൽ ഹിന്ദിന്റെ പ്രവർത്തനോദ്ദേശ്യം. അതിനനുസരിച്ചുള്ള നിയമങ്ങളും ചിട്ടകളുമാണ് വിദ്യാർത്ഥികളിൽ നിന്ന് ആവശ്യപ്പെടുന്നത്. ഓരോ വിദ്യാർത്ഥിയും ഇവ പൂർണമായി അനുസരിക്കാൻ കടപ്പെട്ടിരിക്കുന്നു
2. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേന്ദ്ര മുശാവറയുടെ നിർദേശ പ്രകാരമാണ് ജാമിഅതുൽ ഹിന്ദ് സംവിധാനം മുന്നോട്ട് പോകുന്നത്. ഓരോ വിദ്യാർത്ഥിയും സമസ്തയുടെ ആശയവും നിർദേശങ്ങളും പാലിക്കേണ്ടതും ജീവിതത്തിൽ കൊണ്ടുവരേണ്ടതുമാണ്.
3. ജാമിഅതുൽ ഹിന്ദിന് കീഴിലുള്ള ഓരോ സ്ഥാപനവും അച്ചടക്കസംരക്ഷണത്തിനും മറ്റുമായി വ്യത്യസ്ത നിയമങ്ങൾ സ്വീകരിക്കുന്നതും ഓരോ വിദ്യാർത്ഥിയും അവയെല്ലാം പാലിക്കേണ്ടതുമാണ്.
4. മതപരമായോ രാഷ്ട്ര നിയമങ്ങൾ അനുശാസിക്കുന്ന ചട്ടക്കൂടിൽനിന്ന് പുറത്തുപോകുന്ന രീതിയിലോ പ്രവർത്തിച്ചാൽ നടപടിയെടുക്കാൻ സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കും. സ്ഥാപന നിയമങ്ങൾ ലംഘിച്ചാലും നടപടി സ്വീകരിക്കാം.
5. സ്ഥാപനങ്ങളുടെ ഭാഗത്തു നിന്നുള്ള പരാതികൾ യഥാസമയം ജാമിഅതുൽ ഹിന്ദിനെ അറിയിക്കാൻ വിദ്യാർത്ഥികൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.
6. ഓരോ വിദ്യാർത്ഥിയും പൂർണമായും ഇസ്‌ലാമിക ചുറ്റുപാടിലാണ് ജീവിക്കേണ്ടത്. ഇസ്‌ലാമിക നിയമങ്ങൾ അനുസരിക്കുകയും അതാതു പ്രദേശങ്ങളിലെ ഇസ്‌ലാമിക സുന്നി പണ്ഡിതരുടെ യൂണിഫോം സ്വീകരിക്കുകയും വേണം.



## പ്രത്യേക ശ്രദ്ധക്ക്

ജീവിതത്തിലെ ഏറ്റവും വലിയ ചുവടുവെപ്പാണിത്. ഓരോ വിദ്യാർത്ഥിയുടെയും അഭിരുചികൾ വ്യത്യസ്തമാണ്. സ്ഥാപനങ്ങൾ നൽകുന്ന സൗകര്യങ്ങളും പഠന സംവിധാനങ്ങളും വ്യതിരിക്തമാണ്. ഓരോ വിദ്യാർത്ഥിയും രക്ഷിതാവും പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന സ്ഥാപനങ്ങളെ ആഴത്തിൽ പഠിക്കേണ്ടത് അനിവാര്യമാണ്. ഓപ്ഷനായി സെലക്ട് ചെയ്യുന്ന സ്ഥാപങ്ങളെക്കുറിച്ചുള്ള ബോധ്യത്തോടെ വേണം അഡ്മിഷൻ പ്രക്രിയയിലൂടെ കടന്നുപോകാൻ. കൃത്യതയോടെ അന്വേഷണങ്ങൾ നടത്താതെ, സ്ഥാപനങ്ങളിലെ കോഴ്സുകൾ, സൗകര്യങ്ങൾ എന്നിവയെ സംബന്ധിച്ച് പിന്നീട് പരാതിയുണ്ടാകരുത്. അത്തരം പരാതികൾ ജാമിഅതുൽ ഹിന്ദ് പരിഗണിക്കുന്നതായിരിക്കില്ല.



പ്രിയ വിദ്യാർത്ഥികളേ

വളരെ വലിയൊരു ദൗത്യത്തിന്റെ ആദ്യ ഘട്ടത്തിലാണ് നാം. വലിയ സ്വപ്നങ്ങൾ കണ്ട്, മികച്ച വിദ്യാഭ്യാസം നേടി ജീവിതം സാർത്ഥമാക്കാനുള്ള യാത്ര ഇവിടെ നാം തുടങ്ങുകയാണ്. നമുക്ക് ഇന്ന് നേതൃത്വം നൽകുന്ന വലിയ പണ്ഡിത മഹത്തുക്കളും അവരുടെ പൂർവികരുമെല്ലാം വലിയ ത്യാഗങ്ങൾ സഹിച്ചാണ് നമുക്ക് പഠന വഴികൾ തുറന്നു തന്നത്. ആ ബോധ്യം മനസ്സിൽ സൂക്ഷിക്കുക. ഊർജ്വസ്വലരായി പ്രവേശനം നേടുക. അധ്വാനിച്ച് പഠിക്കുക. ആഗോള പണ്ഡിത പ്രതിഭകളായി തിളങ്ങുക. സമൂഹത്തെ നേർവഴിയിൽ ചലിപ്പിക്കാനുള്ള ദൗത്യം നമ്മുടേതാണ്. അല്ലാഹു തൗഫീഖ് നൽകട്ടെ. ആമീൻ.

നിങ്ങളെ സഹായിക്കാൻ

**+91 06235492844, 0495-2772844**

www.jamiathulhind.com

**Jamiathul Hind Al Islamiyya**
(An Initiative of Samastha Kerala Jamiyyatul Ulema)
Kozhikode, 0495-2772844, +916235492844